

# സഭ പ്രേഷിത സമൂഹം

10

സീറോ മലബാർ സഭയുടെ വിശ്വാസ പരിശീലന പാഠാവലി.

# പാഠം 14

# വിശുദ്ധരാകൂ പ്രേഷിതരാകൂ





ദൈവം പരിശുദ്ധനാണ്. അതിനാൽ മക്കളായ നാം പരിശുദ്ധരായിരിക്കണം. മാമ്മോദീസായിലൂടെ സഭയിലെ അംഗമായ എല്ലാവരും വിശുദ്ധരും വിശുദ്ധരാകാൻ വിളിക്കപ്പെട്ടവരാണ്.

“ഞാൻ നിങ്ങളുടെ ദൈവമായ കർത്താവാകുന്നു. നിങ്ങൾ നിങ്ങളെ ത്തന്നെ വിശുദ്ധീകരിക്കുകയും പരി ശുദ്ധരായിരിക്കുകയും ചെയ്യുവിൻ. കാരണം ഞാൻ പരിശുദ്ധനാകുന്നു” (ലേവ്യർ 11:44).

ജ്ഞാനസ്നാനം സ്വീകരിച്ചു സഭയുടെ അംഗങ്ങളായി തീർന്ന എല്ലാവരും വിശുദ്ധരും വിശുദ്ധിയിലേക്കു വിളിക്കപ്പെട്ടവരുമാണ്.

# വിശുദ്ധിയുടെ ഉറവിടവും സ്വഭാവവും

പിതാവും പുത്രനും പരിശുദ്ധാത്മാവുമായ ത്രിത്വൈക ദൈവത്തിലുള്ള ജീവിതമാണു ക്രിസ്തീയ ജീവിതം. ദൈവം പരിശുദ്ധനും പരിശുദ്ധരുടെ ഉറവിടവുമാണ്.

ദൈവം സ്നേഹത്തിന്റെ പൂർണ്ണതയായതിനാലാണ് അവിടന്നു പരിശുദ്ധനായിരിക്കുന്നത്.

സ്നേഹംതന്നെയായ ദൈവം മക്കളായ
നമ്മളും അവിടുത്തേപ്പോലെ പരിശുദ്ധരാകണമെ
ന്നാഗ്രഹിക്കുന്നു. അതിനാൽ മനുഷ്യരെല്ലാവരും
ദൈവത്തേയും സഹോദരങ്ങളേയും സ്നേഹിച്ചു
കൊണ്ടു ദൈവസ്നേഹത്തിന്റെയും സഹോദര
സ്നേഹത്തിന്റെയും പൂർണ്ണതയായ വിശുദ്ധിയി
ലേക്കു വളരണം.

ദൈവത്തിന്റെ പരിശുദ്ധിയുടെ മുൻപിൽ
മനുഷ്യൻ വിനീതനും അനുതാപാർദ്രനുമാകണം.

സ്നേഹത്തിന്റെ ഉദാത്ത ഭാവമാണു കരു
ണ. ദൈവത്തിന്റെ പരിശുദ്ധിയുടെ
ഏറ്റവും വലിയ ഗുണവിശേഷമാണ് അവി
ടുത്തെ കരുണ.

# ഈശോയോടുകൂടിയായിരിക്കുക



# ഈശോയോടുകൂടി ആയിരിക്കുക

ദൈവത്തിന്റെ വിശുദ്ധി നമുക്ക് ഏറ്റവും അനുഭവവേദ്യമായത് ഈശോയിലാണ്. ഈശോയോടുകൂടിയായിരിക്കുക എന്നതാണു വിശുദ്ധി നേടാനുള്ള ഒന്നാമത്തെ മാർഗ്ഗം.

തിരുവചനത്തിലൂടെയും കൂദാശകളിലൂടെയും വചനാനുസൃതമായ സുകൃതജീവിതത്തിലൂടെയുമാണ് ഈശോയോടു ചേർന്നിരിക്കാൻ ഇന്നു നമുക്കു സാധിക്കുന്നത്.

# സ്നേഹം വിശുദ്ധിയുടെ അളവുകോൽ.



# സ്നേഹം വിശുദ്ധിയുടെ അളവുകൾ

ഈശോയോടു കൂടിയായിരിക്കുക എന്നതുകൊണ്ട് അർത്ഥമാക്കുന്നത് അവിടുത്തെ കല്പനകൾ പാലിക്കുക എന്നതാണ്. അവിടുത്തെ കല്പനയാകട്ടെ സ്നേഹിക്കുക എന്നതും.



സ്നേഹമാണ് ഒരു വ്യക്തിയിലെ വിശുദ്ധി
യുടെ തോതളക്കുന്നത്. പരിപൂർണ്ണതയുടെ
ബന്ധവും പ്രമാണങ്ങളുടെ പൂർത്തീകരണവുമായ
ഉപവി വിശുദ്ധി പ്രാപിക്കാനുള്ള എല്ലാ മാർഗ്ഗ
ങ്ങളെയും ഭരിക്കുകയും സജീവമാക്കുകയും അന്ത്യ
ത്തിലേക്കു നയിക്കുകയും ചെയ്യുന്നു. തന്മൂലം
യഥാർത്ഥ ക്രിസ്തുശിഷ്യന്മാരുടെ അടയാളം ദൈവ
സ്നേഹവും പരസ്നേഹവും തന്നെയെന്നു വത്തി
ക്കാൻ കൗൺസിൽ പഠിപ്പിക്കുന്നു (L.G. 42).

# സഭ – വിശുദ്ധിയിൽ വളർത്തുന്ന അമ്മ.



# സഭ – വിശുദ്ധിയിൽ വളർത്തുന്ന അമ്മ

മിശിഹായുടെ തുടർച്ചയും കൂദാശയുമായ സഭയാണു നിന്നെ വിശുദ്ധീകരിക്കുകയും അവിടുത്തെ വചനത്തിലൂടെ നയിക്കുകയും ചെയ്യുന്നത്. കൂദാശകളിലും ദൈവവചനത്തിലും കൂട്ടായ്മയിലും അധിഷ്ഠിതമായ ജീവിതത്തിലൂടെ വിശുദ്ധിയിൽ വളർന്നു സ്വർഗ്ഗീയ സന്തോഷം അനുഭവിക്കുവാൻ നമ്മൾ പ്രാപ്തരാണ്.

# വിശുദ്ധി അനുദിന ജീവിതത്തിൽ

ദൈവത്തിന്റെ കല്പനകൾ പാലിച്ചുകൊണ്ട് അവിടുത്തെ ഹിതമനുസരിച്ചു ജീവിക്കുന്നതു വഴിയാണു നമ്മൾ അനുദിന ജീവിതത്തിൽ വിശുദ്ധി പ്രാപിക്കുന്നത്.


മാതാപിതാക്കളെയും അദ്ധ്യാപകരേയും അധികാരികളേയും അനുസരിക്കുകയും ബഹുമാനിക്കുകയും ചെയ്യുമ്പോഴും നിയമങ്ങളും സാമാന്യമര്യാദകളും പാലിക്കുമ്പോഴും നാം ദൈവഹിതം നിറവേറ്റിക്കൊണ്ടു ദൈവത്തെ സ്നേഹിക്കുകയും അതുവഴി വിശുദ്ധിയിൽ വളരുകയുമാണു ചെയ്യുന്നത്.

ദൈവത്തിന്റെ കല്പനകൾ പാലിച്ചുകൊണ്ട് അവിടത്തെ ഹിതമനുസരിച്ചു ജീവിക്കുന്നതുവഴിയാണു നമ്മൾ അനുദിനജീവിതത്തിൽ വിശുദ്ധിപ്രാപിക്കുന്നത്. വിശുദ്ധമായ ഒരു ജീവിതം നൽകുന്ന സാക്ഷ്യമാണ് ഏറ്റവും വലിയ പ്രേഷിതപ്രവർത്തനം.

ദൈവസ്നേഹത്തിന്റെ ഉരകല്ലാണ് സഹോദരസ്നേഹം.

മറ്റുള്ളവരുടെ ആവശ്യങ്ങളിൽ സഹായിച്ചുകൊണ്ടും ദുഃഖങ്ങളിൽ ആശ്വാസം പകർന്നുകൊണ്ടും അവരുടെ സന്തോഷങ്ങളിൽ പങ്കുചേർന്നുകൊണ്ടും രോഗാവസ്ഥയിൽ സന്ദർശിച്ച് ആശ്വസിപ്പിച്ചുകൊണ്ടും വിജയങ്ങളിൽ പ്രോത്സാഹനം നൽകിക്കൊണ്ടും പരാജയങ്ങളിൽ ആശ്വാസവും പ്രത്യാശയും പകർന്നുകൊണ്ടും സഹോദരസ്നേഹം പ്രകടമാക്കാൻ നമുക്കു സാധിക്കും.

# സ്നേഹം വിശുദ്ധിയുടെ അളവുകോൽ.



# യഥാർത്ഥ ക്രിസ്തുശിഷ്യന്മാരുടെ
# അടയാളം
# ദൈവസ്നേഹവും പരസ്നേഹവുമാണ്







# സ്വന്തമാക്കേണ്ട ബോധ്യങ്ങൾ

* ദൈവമായ കർത്താവു പരിശുദ്ധനായിരിക്കുന്നതു പോലെ ദൈവത്തിന്റെ സ്വന്തം ജനമായി തിരഞ്ഞെടുക്കപ്പെട്ട നമ്മളും വിശുദ്ധരാകാൻ വിളിക്കപ്പെട്ടിരിക്കുന്നു.

* മനുഷ്യരെല്ലാവരും ദൈവത്തെയും സഹോദരങ്ങളെയും സ്നേഹിച്ചുകൊണ്ടു ദൈവസ്നേഹത്തിന്റെയും സഹോദരസ്നേഹത്തിന്റെയും പൂർണതയായ വിശുദ്ധിയിലേയ്ക്കു വളരണം.

* ദൈവത്തിന്റെ വിശുദ്ധിയുടെ ഏറ്റവും വലിയ ഗുണവിശേഷമാണ് അവിടുത്തെ കരുണ.



* ഈശോയോടു കൂടെയായിരിക്കുക എന്നതാണു വിശുദ്ധി പ്രാപിക്കാനുള്ള ഒന്നാമത്തെ മാർഗം.

* തിന്മയെ നന്മകൊണ്ടു ജയിക്കുന്ന ക്രിസ്തീയസ്നേഹമാണു വിശുദ്ധിയുടെ അളവുകോൽ.

* നമ്മെ വിശുദ്ധിയിൽ വളർത്തുന്ന അമ്മയാണു സഭ.

* ദൈവത്തിന്റെ കല്പനകൾ പാലിച്ച് അവിടുത്തെ ഹിതമനുസരിച്ചു ജീവിക്കുന്നതു വഴിയാണു നമ്മൾ അനുദിനജീവിതത്തിൽ വിശുദ്ധി പ്രാപിക്കുന്നത്.



# സ്വന്തമാക്കേണ്ട മനോഭാവങ്ങൾ

* വിശുദ്ധരാകാനുള്ള ആഗ്രഹം

* ആദ്ധ്യാത്മിക കാര്യങ്ങളിലുള്ള താൽപര്യം

# സ്വന്തമാക്കേണ്ട ശീലങ്ങൾ

* മാതൃകാപരമായ ജീവിതം നയിക്കുന്നു.

* മറ്റുള്ളവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞു സഹായിക്കുന്നു.

